# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.26 01.12.2014 ലെ മറുപടിയ്ക്ക്

## പ്രതിപക്ഷ നേതാവിന്റെ ഓഫീസിലെയും ഔദ്യോഗിക വസതിയിലെയും ചിലവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക ലഭ്യമാക്കുമോ; | (എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ആകെ 70,70601/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>1. ഫർണിച്ചർ റിപ്പയറിംഗും പോളിഷിംഗും - 1,62,736/- രൂപ<br>2. കർട്ടൻ ഫിറ്റിംഗ്സ് -1,39,806/- രൂപ<br><br>3.അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 50,37,827/- രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,30,232/- രൂപയും ചെലവായിട്ടുണ്ട്. |
| (ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ; | (ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 31.10.2014 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു:<br><br>ഓഫീസ് - 3,17,517/- രൂപ<br>വസതി - 1,50,854/- രൂപ<br>മൊബൈൽ ഫോൺ - 25,311/- രൂപ<br>ആകെ - 4,93,682/- രൂപ<br><br>അതിഥി സൽക്കാരത്തിനായി 94,962/- രൂപയും, യാത്രാ ബത്ത ഇനത്തിൽ 3,65,259/- രൂപയും ചെലവായിട്ടുണ്ട്. |
| (സി) ഔദ്യോഗിക വസതിയിലേയ്ക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ; | (സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി ആകെ 10,97,222/- രൂപ ചെലവായിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ നിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട്: വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) 24.05.2013 ലെ സർക്കാർ ഉത്തരവ് (സാധാ)നം.4263/13/പൊ.ഭ.വ. പ്രകാരം പ്രസ് സെക്രട്ടറി, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി, പി.എ. എന്നീ തസ്തികകളിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.കെ.ബാലകൃഷ്ണൻ, ശ്രീ.വി.കെ. ശശിധരൻ, ശ്രീ.എ.സുരേഷ് എന്നിവരെ 31.05.2013 തീയതി അടിസ്ഥാനമാക്കിയും ക്ലർക്ക് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.കെ.എസ്. സജിത്തിനെ 24.05.2013 തീയതിയിലെ സ.ഉ.(സാധാ) നം. 4264/ 2013/ പൊ.ഭ.വ. പ്രകാരം 30.04.2013 തീയതി അടിസ്ഥാനമാക്കിയും വിടുതൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ